മലയാറ്റൂർ കുരിശുമുടിയിൽ നേച്ചർ സ്റ്റഡി സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുവാൻ നടപടി

41. [1527] ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ മലയാറ്റൂർ ഡിവിഷനിൽ ഉൾപ്പെട്ട കാലടി റെയിഞ്ചിന്റെ കീഴിലുള്ള മലയാറ്റൂർ കുരിശുമുടിയിൽ തുടങ്ങുവാൻ നിശ്ചയിച്ച നേച്ചർ സ്റ്റഡി സെന്റർ എന്ന് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ കേന്ദ്രം സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിന്റെ പ്രവർത്തനത്തിനായി എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട് ; അവരുടെ ചുമതലകൾ എന്തെല്ലാം ;

(ഡി) ഈ കേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇതിന്റെ പ്രവർത്തനം 3-5-1991-ൽ ആരംഭിച്ചു.

(ബി) 3-5-1991-ൽ ഒരു കൺസർവേറ്ററുടെ കീഴിൽ നേച്ചർ സ്റ്റഡി സെന്ററിന്റെ ഓഫീസ് കാലടിയിൽ പ്രവർത്തനം ആരംഭിച്ചു. വിശദമായ പരിശോധനയ്ക്കും പഠനത്തിനും ശേഷം ഈ കേന്ദ്രത്തിൽ നടപ്പിലാക്കേണ്ട പരിപാടികളുടെ ഒരു പ്രാഥമിക റിപ്പോർട്ട് കൺസർവേറ്റർ തയ്യാറാക്കി. പൊതുജനങ്ങൾക്ക് വിജ്ഞാന വ്യാപനത്തിനായി ഒരു ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുകയും പൊതുജനങ്ങൾക്ക് ആവശ്യമുള്ള തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുകയും ചെയ്തു.

(സി) ഒരു കൺസർവേറ്റർ, ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഒരു എൽ.ഡി. ക്ലാർക്ക്, ഒരു ശിപായി എന്നിവരെ നിയമിച്ചിട്ടുണ്ട്. കൂടാതെ വനം വകുപ്പിൽ നിന്നും ഒരു സീനിയർ സൂപ്രണ്ടിനെ ടി ഓഫീസിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിട്ടുണ്ട്. ഇവരുടെ മുഖ്യ ചുമതല ടി പ്രദേശത്ത് ഈ കേന്ദ്രം സ്ഥാപിച്ച് ഉദ്ദേശലക്ഷ്യങ്ങൾ നടപ്പിലാക്കുക എന്നതാണ്.

(ഡി) ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

വനം വികസന കോർപ്പറേഷന്റെ പക്കൽ ഉള്ള ഏലത്തോട്ടം

42. [1528] ശ്രീ. ടി. ചാത്തു :
,, വി. കേശവൻ :
,, ടി.കെ. ഹംസ :
,, സി. പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) വനം വികസന കോർപ്പറേഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കോർപ്പറേഷന്റെ പക്കൽ എത്ര ഹെക്ടർ തോട്ടം ഉണ്ട്; ഈ തോട്ടങ്ങളിലെ ഓരോ വിളകളുടേയും ഉൽപ്പാദനത്തിന്റെ 1995 വരെയുള്ള കണക്ക് മേശപ്പുറത്ത് വയ്ക്കുമോ ;

(സി) കോർപ്പറേഷന്റെ കീഴിൽ എത്ര ഹെക്ടർ ഏലം തോട്ടമാണ് ഉള്ളത് ;

(ഡി) 1979-ൽ ഏലത്തോട്ടത്തിന്റെ മൊത്തം ഉൽപ്പാദനം എത്ര കിലോഗ്രാമായിരുന്നു ; 1995-ലെ ഉൽപ്പാദനം എത്ര കിലോഗ്രാമാണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) 1991 മുതൽ ഏലം ആർക്കാണ് നൽകുന്നതെന്നും, എന്ത് വിലയ്ക്കാണെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സർക്കാർ അധീനതയിലുള്ള വനഭൂമി, സ്വകാര്യ വനഭൂമി മുതലായവ മരങ്ങളോടുകൂടിയോ അടച്ചുമുറിക്കുശേഷമോ ഏറ്റെടുക്കുകയോ, വിലയ്ക്കെടുക്കുകയോ, പാട്ടത്തിനെടുക്കുകയോ ചെയ്തശേഷം ആ പ്രദേശങ്ങളിൽ യൂക്കാലിപ്റ്റസ്, അൽബീസിയ, ട്രോപ്പിക്കൽ പൈൻ, തേക്ക് റോസ്വുഡ്, ഈറ മുതലായ വനസംബന്ധിയായ വൃക്ഷങ്ങൾ വച്ച് പിടിപ്പിച്ച് വ്യാവസായികാടിസ്ഥാനത്തിൽ വിപണനം ചെയ്യുകയാണ് വനം വികസന കോർപ്പറേഷന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന്. ഇങ്ങനെ ഏറ്റെടുത്തതോ, വാങ്ങിയതോ ആയ ഭൂമികളിൽ കോർപ്പറേഷൻ വക തോട്ടങ്ങൾ വച്ചുപിടിപ്പിക്കാറുണ്ട്. കൂടാതെ റബർ, കുരുമുളക്, കൊക്കോ, കശുമാവ് ഏലം മുതലായവ തോട്ടങ്ങളായി കൃഷിചെയ്യുകയും കോർപ്പറേഷന്റെ ലക്ഷ്യങ്ങളിൽപ്പെടുന്നതും സർക്കാരിൽനിന്ന് നിത്യഹരിത വനങ്ങളും അർദ്ധ നിത്യഹരിത വനങ്ങളും ഏറ്റെടുത്ത് സംരക്ഷിക്കുകയും അവയിൽ നിന്നും പരമാവധി തടി, ഈറ തുടങ്ങിയവ ഉൽപ്പാദിപ്പിക്കുകയും ചെയ്യുക, പ്ലൈവുഡ്, പാർട്ടിക്കിൾ വുഡ്, മാച്ച് വുഡ് തുടങ്ങിയ വ്യാവസായികവൃത്തികളും നടത്തുന്നവരുമായി സഹകരിച്ച് ആ വ്യവസായങ്ങളെ പരിപോഷിപ്പിക്കുക തുടങ്ങിയവയും കോർപ്പറേഷന്റെ ലക്ഷ്യങ്ങളിൽ പെടുന്നു.

(ബി) വനം വികസന കോർപ്പറേഷന്റെ കീഴിൽ 10311.59 ഹെക്ടർ തോട്ടങ്ങൾ ഉണ്ട്. കൂടാതെ കുളമാവ്, മൂന്നാർ എന്നിവിടങ്ങളിലായി 1240.59 ഹെക്ടർ പുൽമേട്ടിലെ തോട്ടങ്ങളും കോർപ്പറേഷന്റെ കീഴിലുണ്ട്. 1985-86 മുതലുള്ള ഓരോ വിളകളുടേയും ഉൽപ്പാദനത്തിന്റെ 1995 വരെയുള്ള കണക്ക് ലൈബ്രറിയിൽ വച്ചിട്ടുണ്ട്. 1985-ന് മുമ്പ് ലഭിച്ച വിളകളുടെ വിവരം ശേഖരിച്ചുവരുന്നു.

(സി) കോർപ്പറേഷന്റെ കീഴിൽ ആകെ 1838 ഹെക്ടർ ഏലം തോട്ടമാണുള്ളത്.

(ഡി) 1979-ൽ ഏലത്തോട്ടത്തിന്റെ മൊത്തം ഉൽപ്പാദനം 1897.70 കിലോഗ്രാമായിരുന്നു. 1995-ലെ ഉൽപ്പാദനം 19735.40 കിലോഗ്രാമായിരുന്നു.

(ഇ) ഏലം, കാർഡമം മാർക്കറ്റിംഗ് കോർപ്പറേഷൻ, കാർഡമം പ്രോസസിംഗ് ആൻറ് മാർക്കറ്റിംഗ് സൊസൈറ്റി എന്നീ ഓക്ഷൻ ഏജൻറുമാർ മുഖേനയാണ് വിൽക്കുന്നത്. ലേലത്തിൽ കിട്ടുന്ന വിലയ്ക്കാണ് വിൽക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly